മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 15

## വാർത്താക്കുറിപ്പ് 1

---

*മികച്ച ആശയങ്ങൾ സ്റ്റാർട്ടപ്പുകളാക്കാനും അവസരം*

## ഭിന്നശേഷിക്കാരുടെ ക്ഷേമം; ആശയങ്ങൾ തേടി ഹാക്കത്തോൺ

ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരുടെ ക്ഷേമത്തിന് ഉപകരിക്കുന്ന ക്രിയാത്മക ആശയങ്ങൾ ഉള്ളവരാണോ നിങ്ങൾ? അതേ ആശയങ്ങൾ സ്റ്റാർട്ട് അപ് സംരംഭമാക്കി മാറ്റുന്നതിനെക്കുറിച്ച് സങ്കൽപ്പിച്ചിട്ടുണ്ടോ? സങ്കൽപ്പം യാഥാർത്ഥ്യമാക്കാൻ അവസരമൊരുക്കുകയാണ് ഭിന്നശേഷിക്കാരുടെ ക്ഷേമം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആദ്യമായി തുടക്കം കുറിച്ച സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സംവിധാനം.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യുബേഷൻ സെൻററും(ബി.ഐ.ഐ.സി) ഭിന്നശേഷിക്കാരുടെ ക്ഷേമ രംഗത്ത് സജീവമായ കാഞ്ഞിരപ്പള്ളിയിലെ സന്നദ്ധ സ്ഥാപനമായ വി കെയർ സെൻററും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

ഭിന്നശേഷി വിഭാഗത്തിൽ പെടുന്നവരും കുടുംബാംഗങ്ങളും അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നവരും നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരം കണ്ടെത്തുകയുമാണ് ഇതിൻറെ ലക്ഷ്യം.

പദ്ധതിയുടെ ആദ്യഘട്ടമായി ബിൽഡ് യുവർ ലോഗോ എന്ന പേരിൽ ഡിസംബർ എട്ടിന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്ത രാജ്യാന്തര ഹാക്കത്തോൺ ജനുവരി പത്തുവരെ നീണ്ടു നിൽക്കും. ബൗദ്ധികവും ശാരീരികവുമായ പരിമിതികളുള്ള കുട്ടികളുടെ ക്ഷേമത്തിന് ഉപകരിക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടെയുള്ള ആശയങ്ങൾ ഇക്കാലയളവിൽ സമർപ്പിക്കാം. ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരെ നേരിൽ കണ്ട് പഠനം നടത്തേണ്ടവർക്ക് അതിനും അവസരം ലഭിക്കും.

ഹാക്കത്തോണിൽ ലഭിക്കുന്ന മികച്ച ആശയങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന രീതിയിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് ബി.ഐ.ഐ.സി സഹായം നൽകും. വി കെയർ സെൻററിനു കീഴിൽ പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി എയ്ഞ്ചൽസ് വില്ലേജിലാകും സ്റ്റാർട്ടപ്പുകൾ

പ്രവർത്തിക്കുക. ഇതിനുവേണ്ട സാമ്പത്തിക, സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുമെന്ന് ബി.ഐ.ഐ.സി ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ പറഞ്ഞു.

കേരളത്തിന് അകത്തും പുറത്തും ഉള്ള വിവിധ സർവകലാശാലകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, സ്വകാര്യ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയും ഈ പദ്ധതിയുമായി സഹരിക്കും.

വിശദ വിവരങ്ങൾ www.iddhackathon.com എന്ന വെബ്സൈറ്റിലും iddhackathon@gmail.com എന്ന ഈ മെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ./39/1746/2022)

## പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ഐ.എം.സി.എ (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2015,2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ് - ഒക്ടോബർ 2022) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 19 മുതൽ അതത് കോളേജുകളിൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1747/2022)

## പരീക്ഷാ ഫലം

ഈ വർഷം ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് മൈക്രോബയോളജി, എം.എസ്.സി. ഇൻഫർമേഷൻ ടെക്നോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 29 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...............

2019 നവംബറിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്ററുകൾ ബി.ടി.എസ്(ഓഫ് ക്യാമ്പസ്) (സപ്ലിമെന്ററി, മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം

...............

ഈ വർഷം മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (2016, 2017, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2012,2013,2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2021) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 28 വരെ ഡെപ്യൂട്ടി രജിസ്ട്രാർക്ക് (7പരീക്ഷ) അപേക്ഷ നൽകാം.

...............

ഒന്ന്, രണ്ട് സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ - സി.ബി.സി.എസ്. ബി.എ(2020 അഡ്മിഷൻ റഗുലർ - ഒക്ടോബർ 2021), (2017, 2018, 2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 30 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1748/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**